**TENDER REF No. PD/MKT/120/2025/4736 dt 12.09.2025**

**Last date/Time for submission of Tender: 22.09.2025, 2 PM**

milma

# THIRUVANANTHAPURAM REGIONAL CO-OPERATIVE MILK PRODUCERS' UNION LTD.

PATHANAMTHITTA DAIRY,MAMOOD,NARIYAPURAM,
PATHANAMTHITTA -689513
GST NO :32AAAAT9795J5ZT
Email ID : milmapta@gmail.com , milmaptamkt@gmail.com,
PHONE: 9447287190, 8078230145

# TENDER

Containing general and special conditions of contract and schedule for Ghee supply from Pathanamthitta Dairy to Travancore Devasom Board-Sabarimala Sannidhanam store

**(ALL PAGES SHOULD BE SIGNED AND RETURNED)**

**NAME OF TENDERER:**

**ADDRESS** :

**PHONE NO** :

**SIGNATURE** :

TRCMPU LTD NARIYAPURAM P.O. PATHANAMTHITTA DAIRY

Thiruvananthapuram Regional Co-Operative Milk Producers' Union Ltd.

PATHANAMTHITTA DAIRY,MAMOOD,NARIYAPURAM,PATHANAMTHITTA -689513

GST NO :32AAAAT9795J5ZT

Email ID : milmapta@gmail.com , milmaptamkt@gmail.com,

PHONE:9447287190,8078230145

## INVITATION TO BID

1. The Thiruvananthapuram Regional Co-operative Milk Producers' Union Limited invite tenders for transporting 15 Ltr Loose Ghee in tins to Sabarimala Sannidhanam Travancore devasom Board Store from Pathanamthitta Dairy. Interested eligible Bidders may obtain further information from the office of the Thiruvananthapuram Regional Co-operative Milk Producers' Union Limited, Ksheera Bhavan, Pattom, Thiruvananthapuram or Pathanamthitta Dairy, Mamoodu,,Nariyapuram P.O, Pathanamthitta

| | |
|---|---|
| Bid Reference | PD/MKT/ 120/2025/01 dt 11.09.2025 |
| Estimated cost | **5.0 lakhs** |
| Cost of Tender Form | Rs.1180/-(Rupees One Thousand One Hundred and Eighty Only) ( Including gst ) |
| EMD | Rs 25,000 |
| Tender Publishing Date | **12.09.2025** |
| Sale of tender form | **12.09.2025 to 22.09.2025, 11 AM** |
| Bid Submission Closing date & Time | **22.09.2025, 02.00 PM** |
| Place of Opening of Bid | **Pathanamthitta Dairy** |
| Date & Time of opening of bids. | **22.09.2025, 03.00 PM** |
| Work for which the tender is invited | Supply of Ghee to Travancore devasom Board Sabarimala Sannidhanam Store from Pathanamthitta dairy |
| Technical Specifications/ Schedule | Enclosed. |
| Bid Validity | 90 days |

TRCMPU LTD NARIYAPURAM P.O. PATHANAMTHITTA DAIRY

**Unit Head**
**Pathanamthitta Dairy**

# FORM OF TENDER

To

The Unit Head
Pathanamthitta dairy
Mamood,Nariapuram P.O
Pathanamthitta 689513

Sir

I/WE hereby tender to execute the work of operation of all activities including transportation, loading/unloading, for supply of ghee to Sabarimala Sannidhanam Travancore devasom Board Store from Pathanamthitta Dairy, referred to and described in the attached schedule in accordance with the annexed general and special terms and conditions of contract at the rate quoted in the schedule.

I/We /are remitting /have separately remitted the required amount of Rs 25,000/-

as Earnest Money Deposit

Yours faithfully

____________________**(signature)**

**NAME &ADDRESS:**

**Pin code**

**Telephone No** **Date & Place**

****Document to be attached**

The documentary evidence of the Bidder's qualifications to perform the Contract if its bid is accepted shall be established to the TRCMPU's satisfaction. To this end, all bids submitted shall include the following documents.

a. Copy of Aadhaar Card of the bidder in case of an individual bidder.
b. Copy of Company / Firm Registration Certificate (This document to be attached if the bidder is a company or a registered organisation / firm. Copy of Aadhaar Card is not necessary)
c. Details of experience and past performance of the bidder on undertaking of similar work, with details of the work, if any.
d. Copy of GST Registration Certificate
e. Copy of tender document duly signed on all pages
f. Agreement (format attached Page no. 14 ) executed by the tenderer undertaking the tendered work

TRCMPU LTD NARIYAPURAM P.O. PATHANAMTHITTA DAIRY

## മിൽമ

# തിരുവനന്തപുരം മേഖലാ ക്ഷീരോല്പാദക സഹകരണ യൂണിയൻ ക്ലിപ്തം.

ക്ഷീരഭവൻ, പട്ടം, തിരുവനന്തപുരം - 695004

ശബരിമല ദേവസ്വം സ്റ്റോറിലേക്കു പത്തനംതിട്ട ഡെയറിയിൽ നിന്നും നെയ്യ് എത്തിക്കുന്നതിനായി കരാറും, അനുബന്ധ പട്ടികയുമായി ബന്ധപ്പെട്ട പൊതുവായതും, പ്രത്യേകമായതുമായ നിബന്ധകൾ.

(എല്ലാ പുറങ്ങളിലും നിർബന്ധമായി ഒപ്പിടേണ്ടതാണ്)

---

ദർഘാസ് സമർപ്പിക്കുന്ന
ആളിന്റെ പേര്: ശ്രീ/ശ്രീമതി........................................................................
മേൽവിലാസം:

........................................................................................................

........................................................................................................

........................................................................................................

ഫോൺ നം:........................................................................................

ദർഘാസ് സമർപ്പിക്കുന്ന ആളിന്റെ ഒപ്പ്

TRCMPU LTD
NARIYAPURAM
P.O.
PATHANAMTHITTA DAIRY

# ടെൻഡർ നോട്ടീസ്

തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ കീഴിലുള്ള പത്തനംതിട്ട ഡെയറിയിൽ നിന്നും ശബരിമല സന്നിധാനം ദേവസ്വം സ്റ്റോറിലേക്കു ആവശ്യമുള്ള 15 ലി. ടിൻ നെയ്യ് ഉദ്ദേശ്യം 5500 എണ്ണം സമയബന്ധിതമായി എത്തിക്കുന്നതിന് താല്പര്യമുള്ള പരിചയസമ്പന്നരായ വ്യക്തികളിൽ/ സ്ഥാപനങ്ങൾ നിന്നോ വിഞ്ജാപന ത്തിന്റേയും/അനുബന്ധ പട്ടികയുടെയും അടിസ്ഥാനത്തിൽ ദർഘാസു കൾ ക്ഷണിച്ചുകൊള്ളുന്നു.

## I കരാറിന്റെ പൊതു വ്യവസ്ഥകളും ജോലിയുടെ വിവരണവും, നിബന്ധനകളും

1. പത്തനംതിട്ട ഡെയറിയിൽ നിന്നും ശബരിമല ദേവസ്വം സ്റ്റോറിൽ നിന്നും ലഭിക്കുന്ന ഇൻഡന്റ് പ്രകാരമുള്ള അളവ് (എണ്ണം) 15 ലി. ടിൻ നെയ്യ് ഡെയറിയിൽ നിന്നും 500 (എണ്ണം) ടിന്നിൽ കുറയാതെ ലോഡ് ചെയ്യാവുന്ന വാഹനത്തിൽ, ശബരിമല സന്നിധാനത്തുള്ള ദേവസ്വം സ്റ്റോറിൽ സമയബന്ധിതമായി എത്തിച്ച് ഡെയറിയിൽ നിന്നും അയക്കുന്ന ഇൻവോയിസിൽ കൈപ്പറ്റ് രസീത് രേഖപ്പെടുത്തി തിരികെ ഡെയറിയിൽ ഏൽപ്പിക്കുക. ആയതിലേക്കുള്ള വാഹന വാടക, പമ്പയിൽ നിന്നും സന്നിധാനത്തേക്കുള്ള ട്രാക്ടർ വാടക, വിവിധ സ്ഥലങ്ങളിൽ വേണ്ടി വരുന്ന കയറ്റി ഇറക്ക് കൂലി, മറ്റ് അനു ബന്ധ ചിലവുകൾ എന്നിവ ചേർന്നതാണ് മേൽ കരാർ. ഒരു ടിൻ (15 ലിറ്റർ നെയ്യ്) പത്തനംതിട്ട ഡെയറിയിൽ നിന്നും ശബരിമല സന്നിധാനം ദേവസ്വം സ്റ്റോറിൽ എത്തിക്കുന്നതിനുള്ള ചിലവാണ് രേഖപെടുത്തേണ്ടത്.
2. കരാറിന്റെ കാലാവധി 2025 ഒക്ടോബർ 1 മുതൽ 2026 ഡിസംബർ 31 വരെയായിരിക്കും. ടി കാലയളവിൽ പ്രവർത്തനം തൃപ്തികരമാണെങ്കിൽ കാലാവധി ഒരു വർഷത്തേക്കുകൂടി നിലവിലുള്ള നിരക്കിനും വ്യവസ്ഥകൾക്കും വിധേയമായി ദീർഘിപ്പിച്ചു നൽകാനുള്ള വിവേചനാധികാരം മേഖലാ യൂണിയനിൽ നിക്ഷിപ്തമായിരിക്കും
3. വിഞ്ജാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള ദർഘാസ് പത്രികയുടെ വില റ്റി.ആർ.സി.എം.പി.യു -വിന്റെ അക്കൗണ്ടിൽ അടയ്ക്കേണ്ടതാണ്. ദർഘാസ് പത്രികയുടെ വില മടക്കിനൽകുന്നതല്ല.
4. ദർഘാസുകൾ വിഞ്ജാപനത്തിൽ പറഞ്ഞിട്ടുള്ള തീയതിയ്ക്കും സമയത്തിനും മുൻപായി സമർപ്പിക്കേണ്ടതാണ്. പട്ടികയിൽ

TRCMPU LTD. NARIYAPURAM P.O. PATHANAMTHITTA

സൂചിപ്പിച്ചിട്ടുള്ള കാലാവധിവരെ രേഖപ്പെടുത്തിയ നിരക്ക് നിലനിൽക്കുന്നതായിരിക്കും. നിശ്ചിത തീയതിയ്ക്കും, സമയത്തിനും ശേഷം ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

5. ദർഘാസിനൊപ്പം നിശ്ചിത നിരക്കിലുള്ള നിരതദ്രവ്യം അടയ്ക്കേണ്ടതാണ്. ചെക്കുകളോ മറ്റ് ധനവിനിമയ രേഖകളോ നിരതദ്രവ്യമായി സ്വീകരിക്കുന്നതല്ല. കരാർലഭിക്കാതെ പോയ ദർഘാസ് സമർപ്പിച്ചവരുടെ നിരതദ്രവ്യം കരാർ ഉറപ്പിച്ചശേഷം മടക്കി നൽകുന്നതും, കരാർ ലഭിച്ച ദർഘാസുകാരന്റെ നിരതദ്രവ്യം, കരാർ അംഗീകരിച്ച കത്ത് ലഭിക്കുന്ന മുറയ്ക്ക് അതിൽ പറയുന്ന പ്രകാരം ആവശ്യമായ സെക്യൂരിറ്റിയും സമ്മതപത്രവും സ്വീകരിച്ചതിന് ശേഷം മടക്കിനൽകുന്നതുമായിരിക്കും. ദർഘാസുകൾ തുറന്ന ശേഷം, കരാർ ലഭിച്ചകരാറുകാരൻ കരാറിൽ നിന്ന് പിൻമാറിയാൽ നിരതദ്രവ്യം കണ്ട്കെട്ടുന്നതായിരിക്കും. നിരതദ്രവ്യത്തിന് യാതൊരുവിധത്തിലുള്ള പലിശയും നൽകുന്നതല്ല.

6. <u>ആവശ്യമുള്ള പക്ഷം, കരാറിന്റെ വ്യവസ്ഥകളും, നിബന്ധനകളും വ്യക്തമാക്കുന്നതിനും വിശദീകരിക്കുന്നതിനും വേണ്ടി കരാറിന് മുമ്പായി ഒരു പ്രീ.ബിഡ് മീറ്റിംഗ് പത്തനംതിട്ട ഡെയറിയിൽ വിളിച്ച് ചേർക്കുന്നതായിരിക്കും. പ്രസ്തുത പ്രീ.ബിഡ് മീറ്റിംഗ്, കരാർ സമർപ്പിക്കേണ്ട ദിവസത്തിന് മൂന്ന് ദിവസം മുൻപായിരിക്കും വിളിച്ച് കൂട്ടുക.</u>

7. ഇരുന്നൂറ് രൂപ മുദ്ര പത്രത്തിൽ അച്ചടിച്ച കരാർപത്രം ഒപ്പിട്ട് ദർഘാസ് സമർപ്പിക്കുന്നവർ ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. കരാർ പത്രത്തിന്റെ മാതൃക, ദർഘാസ് പത്രികയോടൊപ്പം കൂട്ടി ചേർത്തിട്ടുള്ളതും ആകുന്നു. മുദ്രപത്രത്തിൽ എഴുതി ഒപ്പിട്ട കരാർപത്രം ദർഘാസ് പത്രികയോടൊപ്പം സമർപ്പിക്കാത്ത പക്ഷം ദർഘാസ് നിരസിക്കുന്നതായിരിക്കും. നിശ്ചിത ദിവസം നിശ്ചിത സമയത്ത് ദർഘാസ്സുകൾ തുറന്ന് പരിശോധിക്കുന്നതായിരിക്കും.

8. മൂന്നിൽ കുറയാത്ത ദർഘാസുകൾ ലഭിക്കുന്ന പക്ഷം ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ആളെ മാത്രമേ കൂടി ആലോചനയ്ക്കായി ക്ഷണിക്കുകയുള്ളൂ.

9. ടെണ്ടർ വിജ്ഞാപന പ്രകാരമുള്ള കരാർ ഒരു കാരണവും വ്യക്തമാക്കാതെ തന്നെ ഏകപക്ഷീയമായി റദ്ദ് ചെയ്യാനുള്ള അവകാശം മിൽമ മാനേജ്മെന്റിൽ നിക്ഷിപ്തമാണ്.

10. ഏതെങ്കിലും കരാറുകാരൻ ടെൻഡർ കാലാവധി പൂർത്തിയാക്കാതെ ടെണ്ടറിൽ നിന്ന് പിൻമാറുന്ന പക്ഷം ടിയാന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് യൂണിയനിലേയ്ക്ക് കണ്ട് കെട്ടുന്നതും അയാൾക്കെതിരെ യൂണിയന് യുക്തമെന്ന് തോന്നുന്ന നിയമ നടപടികൾ സ്വീകരിക്കാവുന്നതുമായിരിക്കും.

11. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ്സോ, സമർപ്പിക്കപ്പെട്ടവയിൽ ഏത് ദർഘാസ്സോ ഏകപക്ഷീയമായി നിരസിക്കാനുള്ള അവകാശം മാനേജിംഗ് ഡയറക്ടർ, തിരുവനന്തപുരം ക്ഷീരോല്പ്പാദകസഹകരണ യൂണിയൻ ക്ലിപ്തത്തിൽ നിക്ഷിപ്തമാണ്. കരാർ ലഭിച്ച ജോലി ഉൾപ്പെട്ട മറ്റേതെങ്കിലും പ്രവൃത്തികൾ അനുവദിച്ച് നൽകുന്നപക്ഷം അവകൂടി പൂർത്തീകരിക്കാൻ കരാറുകാരന് ഉത്തരവാദിത്വവും, ബാദ്ധ്യതയും ഉള്ളതാകുന്നു.

12. കരാർ അംഗീകരിച്ച് കൊണ്ടുള്ള അറിയിപ്പ് ലഭിച്ചശേഷം, കരാറുകാരൻ കരാർ പത്രിക നിശ്ചിതസമയത്തിനുള്ളിൽ സമർപ്പിച്ചാൽ മാത്രമേ കരാർ പൂർത്തിയായതായി കണക്കാക്കാനാവൂ. കരാർ ലഭിച്ച കരാറുകാരൻ നിർദ്ദിഷ്ട രൂപത്തിലുള്ള കരാർ പത്രിക ഇരുന്നൂറ് രൂപ വിലയുള്ള മുദ്രപത്രത്തിൽ എഴുതി ഒപ്പിട്ട് നൽകുന്നതോടു കൂടി മാത്രമേ കരാർ ഉടമ്പടി പ്രാബല്യത്തിൽ വരുകയുള്ളു. നിശ്ചിത രൂപത്തിലുള്ള കരാർ ഉടമ്പടിയുടെ പകർപ്പ് പത്തനംതിട്ട ഡെയറിയിൽ നിന്ന് ലഭിക്കുന്നതാണ്. കരാറിലേർപ്പെടുന്നതുമായി ബന്ധപ്പെട്ട് വേണ്ടി വരുന്ന മുദ്രപത്രത്തിന്റെ വിലയും വക്കീൽ ഫീസ് അടക്കമുള്ള മറ്റ് ചിലവുകളും കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ കരാർ ഉടമ്പടിയിലേർപ്പെടുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തുന്ന പക്ഷം കരാറുകാരനിൽ നിന്നും പിഴ ഈടാക്കുകയും മേഖലാ യൂണിയന് പുതിയ കരാറിലേർപ്പെടാവുന്നതുമാണ്.

A. സെക്യൂരിറ്റി ഡെപ്പോസിറ്റായി **രണ്ട് ലക്ഷം** രൂപയുടെ ബാങ്ക് ഗ്യാരന്റിയോ അല്ലെങ്കിൽ രണ്ട് ലക്ഷം രൂപയുടെ സ്ഥിരനിക്ഷേപമോ യൂണിയന്റെ പേരിൽ മാറത്തക്കവിധം നൽകേണ്ടതാണ്.

A. മുകളിൽ പറഞ്ഞപോലെ കരാർ ലഭിച്ച കരാറുകാരൻ സെക്യൂരിറ്റി തുക അടയ്ക്കുന്നതിലോ, കരാർ ഉടമ്പടിയിലേർപ്പെടുന്നതിലോ വീഴ്ച വരുത്തുന്ന പക്ഷം ടി ആളുടെ നിരതദ്രവ്യം യൂണിയൻ കണ്ടുകെട്ടുന്നതും, അത് വഴി യൂണിയനുണ്ടായ കഷ്ടനഷ്ടങ്ങൾക്ക് വീഴ്ച വരുത്തിയ കരാർ ലഭിച്ച ആൾ ഉത്തരവാദിയാകുന്നതും, അയാൾക്ക് ലഭിച്ച കരാറിൽ നിന്ന് യാതൊരുവിധലാഭത്തിനും ടിയാൻ അർഹനല്ലാത്തതുമാകുന്നതിനൊപ്പം യൂണിയന് മറ്റൊരാളുമായി പുതിയ കരാറിലേർപ്പെടാൻ അവകാശമുണ്ടായിരിക്കുന്നതുമായിരിക്കും. വീഴ്ച വരുത്തിയ സ്ഥാപനം രജിസ്റ്റർ ചെയ്ത സ്ഥാപനമാണെങ്കിൽ രജിസ്ട്രേഷൻ റദ്ദാക്കാൻ വേണ്ടനടപടികൾ ഉൾപ്പെടെ സ്വീകരിക്കുന്നതായിരിക്കും.

B. കരാർ ഏറ്റെടുത്ത ആൾ കരാർ പൂർണ്ണമായി നടപ്പിലാക്കുന്നതിലോ, കാലാവധി പൂർത്തിയാക്കുന്നതിലോ വീഴ്ച വരുത്തുകയോ, യൂണിയന്റെ വസ്തുവകകൾക്ക്, അയാളുടെ പ്രവൃത്തി കാരണം

TRCMPU LTD NARIYAPURAM P.O. PATHANAMTHITTA

ഏതെങ്കിലും തരത്തിലുള്ള കഷ്ടനഷ്ടങ്ങളുണ്ടാവുകയോ, ഡെയറി യുടെ സുഗമമായപ്രവർത്തനങ്ങൾക്ക് എന്തെങ്കിലും തടസ്സം ഉണ്ടാകുകയോ, അന്തസ്സിന് നിരക്കാത്ത പ്രവർത്തനത്തിൽ ഏർപ്പെടു കയോ ചെയ്യുന്ന പക്ഷം മാനേജിംഗ് ഡയറക്ടർ, തിരുവനന്തപുരം മേഖലാ യൂണിയൻ അദ്ദേഹത്തിന്റെ വിവേചനാധികാരം ഉപയോഗിച്ച് പുതിയ ദർഘാസ് വിളിക്കാനോ/ക്വട്ടേഷൻ സ്വീകരിക്കാനോ, മറ്റൊ രാളുമായി ധാരണ ഉണ്ടാക്കാനോ തൊട്ടടുത്ത ഉയർന്ന നിരക്ക് രേഖ പ്പെടുത്തിയ ദർഘാസ് സമർപ്പിച്ച ആളുമായി പുതിയ കരാറിൽ ഏർപ്പെടാനോ അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് യൂണിയനുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ടവരുമായി ചേർന്നോ അല്ലാതെയോ വീഴ്ച വരുത്തിയ കരാ റുകാരനിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കാവുന്നതാണ്.

13. കരാറിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായിട്ടായിരിക്കും കരാർ പൂർത്തീകരിച്ച് മൂന്ന് മാസങ്ങൾക്ക് ശേഷം സെക്യൂരിറ്റി ഡെപ്പോസിറ്റ് മടക്കി നൽകുക, എന്നാൽ എന്തെ ങ്കിലും തർക്കങ്ങൾ യൂണിയനും കരാറുകാരനുമായി നിലനിൽക്കുന്ന പക്ഷം തർക്കം പരിഹരിക്കുന്നതു വരെ സെക്യൂരിറ്റി ഡെപ്പോസിറ്റ് മേഖലാ യൂണിയന് പിടിച്ച് വയ്ക്കാവുന്നതും ഏതെങ്കിലും തരത്തി ലുള്ള നഷ്ടമോ, ചിലവോ, പിഴയോ,കുടിശ്ശികയോ കരാറുകാരനിൽ നിന്ന് ലഭിക്കാനുണ്ടെങ്കിൽ അത് മേൽപറഞ്ഞ സെക്യൂരിറ്റി ഡെപ്പോ സിറ്റിൽ നിന്ന് ഈടാക്കാവുന്നതുമാണ്. അത് പോലെ തന്നെ മേൽ പറഞ്ഞ ബാദ്ധ്യതകൾ കരാറുകാരന് ഏതെങ്കിലും കാലത്ത് യൂണി യൻ നൽകാനുള്ള മറ്റേതെങ്കിലും തുകയിൽ നിന്നും ഈടാക്കാവുന്നതുമാണ്.

14. കരാറുമായി ബന്ധപ്പെട്ട് കരാറുകാരനുമായുള്ള എല്ലാ പണമിട പാടുകളും ഡിമാന്റ് ഡ്രാഫ്റ്റായോ, ബാങ്ക് ട്രാൻസ്ഫറായോ ആയിട്ടാ യിരിക്കും തിരുവനന്തപുരം ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം ചെയ്യുന്നത്.

15. കരാർ കാലയളവിൽ TRCMPU LTD നും കരാറുകാരനും വ്യക്തമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ കരാറിൽ നിന്ന് പിൻമാറാവുന്നതാ ണ്. എന്നാൽ അത്തരത്തിലുള്ള പിൻമാറ്റം നിലവിൽ വരണമെങ്കിൽ മൂന്ന് മാസം മുൻകൂറായി മറുകക്ഷിക്ക് നോട്ടീസ് നൽകേണ്ടതാണ്. നോട്ടീസ് കൈപ്പറ്റിയ ദിവസം മുതലാണ് ടി നോട്ടീസിന്റെ മൂന്ന് മാസ കാലാവധി ആരംഭിക്കുന്നത്. ഏതെങ്കിലും സാഹചര്യത്തിൽ മൂന്ന് മാസ നോട്ടീസ് കാലാവധി പൂർത്തീകരിക്കുന്നതിന് മുൻപ് കരാറു കാരൻ കരാറിൽ നിന്ന് പിൻമാറിയാൽ ആയത് കരാറിന്റെ ലംഘനമായി കണക്കാക്കി കരാറുകാരന്റെ സെക്യൂരിറ്റി ഡിപ്പോസിറ്റ് കണ്ടുകെട്ടുന്നതായിരിക്കും. അത്തരത്തിൽ കരാറുകാരൻ കരാറിൽ നിന്ന് സ്വയം പിൻമാറുകയോ, റദ്ദ് ചെയ്യപ്പെടുകയോ ചെയ്താൽ, കരാറുകാരൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ തുടർന്നുള്ള 5

TRCMPU LTD NARIYAPURAM P.O. PATHANAMTHITTA DAIRY

വർഷക്കാലം TRCMPU LTD മായി യാതൊരുവിധ കരാറുക ളിലുമേർപ്പെടാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

16. കരാർ പൂർണ്ണമായോ, ഭാഗീകമായോ അതിന്റെ ഗുണമോ, ബാദ്ധ്യതയോ മറ്റൊരാളിനോ മറ്റേതെങ്കിലും കോർപ്പറേറ്റ് സ്ഥാപന ത്തിനോ മാറ്റിക്കൊടുക്കാനോ, മറിച്ച് കൊടുക്കാനോ പാടുള്ളതല്ല.കരാറുകാരൻ കരാർ ഭാഗികമായോ പൂർണ്ണമായോ മറ്റൊ രാൾക്കോ മറ്റൊരുകോർപ്പറേറ്റ് സ്ഥാപനത്തിനോ തിരുവനന്തപുരം മേഖലാ യൂണിയൻ മാനേജിംഗ് ഡയറക്ടറുടെ അംഗീകാരത്തോടെ അല്ലാതെ മറിച്ച് നൽകാനോ കൈമാറ്റം ചെയ്യാനോ പാടില്ലാത്തതും അഥവാ അംഗീകാരവിധേയമായി നൽകിയാലും, കരാറിന്റെ നടത്തി പ്പിൽ വീഴ്ച വരുത്തുകയോ, തൃപ്തികരമല്ലാതെ പ്രവൃത്തിക്കുകയോ ചെയ്താൽ നൽകിയ അംഗീകാരം ഏത് സമയത്തും പിൻവലിക്കാനും അതിന്മേൽ കരാറുകാരനോ, ഉപകരാറുകാരനോ ഉണ്ടാകുന്ന ഏത് തരത്തിലുള്ള കഷ്ട നഷ്ടങ്ങൾക്കും കരാറുകാരനോ, ഉപകരാറുകാ രനോ നഷ്ടപരിഹാരത്തിന് അർഹത ഉണ്ടാവുന്നതല്ലെന്നും എന്നാൽ അതിൽ നിന്ന് യൂണിയന് ഉണ്ടായേക്കാവുന്ന എല്ലാ കഷ്ട നഷ്ടങ്ങ ളുടെയും ബാദ്ധ്യത, ഉത്തരവാദിത്തം എന്നിവ ഈ കരാർ പ്രകാരം ഒന്നാം കരാറുകാരന് തന്നെ ആയിരിക്കുന്നതുമാണ്.

17. ഏതെങ്കിലും കാരണവശാൽ കരാറുകാരൻ പാപ്പരാകുകയോ, സ്ഥാപനം നിർത്തലാക്കേണ്ടിവരുകയോ, കടപ്പെട്ടവരുടെ താല്പര്യ ത്തിന് വിധേയമായി കർത്തവ്യങ്ങൾ ഏറ്റെടുക്കേണ്ടിവരുകയോ, കടം തീർക്കുന്നതിലേയ്ക്കായി കടപ്പെട്ടവരുടെ താല്പര്യത്തിന് വിധേയ മായി എന്തെങ്കിലും ചെയ്യേണ്ടിവരുകയോ, കടപ്പെട്ടവരുടെ മേൽ നോട്ടത്തിലും പരിശോധനയിലും കരാറുകാരന് സ്വന്തം വ്യാപാരം നടത്തേണ്ടിവരുകയോ അല്ലെങ്കിൽ ഏതെങ്കിലും ഓർഡറിന്റെ അടി സ്ഥാനത്തിലോ അതുമല്ലെങ്കിൽ കരാറുകാരന്റെ വസ്തുവകകളുടെ നോക്കിനടത്തിപ്പ് ഒരു ഓർഡർ മുഖേന പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുകയോ, ഈ കരാറിൽ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിലോ, കരാറുകാരൻ യൂണിയന് ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഉത്തരവാദിയാകുന്നതും സെക്യൂരിറ്റി നിക്ഷേപം മുഴുവനായും അത്തരമുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്കായി മുതൽ കൂട്ടുന്നതും അതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് നോട്ടീസ് നൽകിയ ശേഷം തിരുവനന്തപുരം മേഖലാ യൂണിയൻ മാനേജിംഗ് ഡയറക്ടർക്ക് സ്വന്തം തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ TRCMPU വിന് ഈ കരാർ നിശ്ചിത സമയത്ത് നിശ്ചിത തീയതിയിൽ തങ്ങൾക്ക് ഉത്തമമെന്ന് തോന്നുന്ന ആളുകളെ കൊണ്ട് പൂർത്തീകരിക്കാവുന്ന തുമാണ്. മുൻവിധികളൊന്നുമില്ലാതെ എടുക്കുന്ന അത്തരം തീരുമാ നങ്ങൾക്ക് TRCMPU വിന് കരാറുകാരിൽ നിന്നോ ജാമ്യക്കാരിൽ നിന്നോ കരാർ ലംഘനത്തിന് പരിഹാരം നേടാൻ എല്ലാ അവകാ ശവും ഉണ്ടായിരിക്കുന്നതാണ്. കരാർ ലംഘനത്തെ തുടർന്ന്

TRCMPU NARIYAPURAM PATHANAMTHITTA

ഉണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും ചിലവുകൾക്കും കരാറുകാരൻ ഉത്തരവാദിയാകുമെന്നതിനാൽ അവ യൂണിയന് നൽകാൻ ബാദ്ധ്യസ്ഥനുമാകുന്നു. അവ യൂണിയനുനൽകുന്നതിൽ കരാറുകാരൻ വീഴ്ച്ച വരുത്തിയാൽ നിയമ നടപടികളിൽകൂടി അവ വീണ്ടെടുക്കാൻ യൂണിയനു എല്ലാവിധ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണ്.

18. ഏതെങ്കിലും കാരണവശാൽ കരാറുകാരൻ കരാർ ലംഘിക്കുകയോ, കരാർ പ്രകാരമുള്ള വ്യവസ്ഥകൾ, ധാരണകൾ, ഉടമ്പടികൾ എന്നിവ പാലിക്കാതിരിക്കുകയോ ചെയ്താൽ, ന്യായമായും യൂണിയന് സമയ ബന്ധിതമായി ശബരിമല ദേവസ്വം സ്റ്റോറിലേക്കു നെയ്യ് എത്തിക്കുവാനായി ബദൽ സംവിധാനം (യൂണിയന് ആവശ്യമാണെന്ന് തോന്നിയാൽ), നേരിട്ടോ അല്ലാതെയോ ഒരുക്കാവുന്നതും, അത്തരം ഒരു സാഹചര്യത്തിൽ പത്തനംതിട്ട ഡെയറി മാനേജർ രേഖാമൂലം കരാർ അവസാനിപ്പിക്കുന്നതായി കരാറുകാരനെ അറിയിക്കേണ്ടതും തുടർന്ന് ബദൽ സംവിധാനം ഒരുക്കാവുന്നതും, അത്തരത്തിൽ ബദൽ സംവിധാനം ഒരുക്കുന്നതിനുള്ള ചിലവുകൾ, കഷ്ടനഷ്ടങ്ങൾ എന്നിവ ഈ കരാറിന്റെ കാലാവധി അവസാനിക്കും വരെ നൽകാൻ കരാറുകാരൻ ബാദ്ധ്യസ്ഥനുമായിരിക്കുന്നതായിരിക്കും. ഏതെങ്കിലും തരത്തിൽ കരാറുകാരന് യൂണിയൻ നൽകേണ്ടതോ കൊടുക്കേണ്ടതോ ആയ ഏതെങ്കിലും തുക ബാക്കി നില്പ്പുണ്ടെങ്കിൽ അതിൽനിന്ന് പൂർണ്ണമായോ, ഭാഗികമായോ കരാർ ലംഘനത്തെ തുടർന്നുണ്ടായ ചിലവുകൾ, കഷ്ടനഷ്ടങ്ങൾ എന്നിവ ന്യായമായും ഈടാക്കാൻ എല്ലാ അവകാശവും തിരുവനന്തപുരം മേഖലാ യൂണിയന് ഉണ്ടായിരിക്കുന്നതുമാണ്.

19. ഈ കരാറിനെ ചൊല്ലി ഏതെങ്കിലും തരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങളോ, തർക്കമോ ഉടലെടുക്കുകയാണെങ്കിൽ തിരുവനന്തപുരം മേഖലാ യൂണിയൻ മാനേജിംഗ് ഡയറക്ടറുടെ അധികാര പരിധിയിലുള്ള കോടതിയിൽ വേണം വ്യവഹാരനടപടികൾ സ്വീകരിക്കേണ്ടത്.

20. കരാറുകാരന് ഈ കരാറിന്റെ അടിസ്ഥാനത്തിൽ യൂണിയൻ നൽകേണ്ട ഏത് പണവും (സെക്യൂരിറ്റി ഡെപ്പോസിറ്റ് അടക്കം) കരാറുകാരൻ യൂണിയന്റെ മറ്റേതെങ്കിലും കരാറുമായി ബന്ധപ്പെട്ടോ, യൂണിയൻ അംഗീകരിക്കുകയോ അധികാരപ്പെടുത്തുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും വ്യക്തിക്കോ നൽകുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ടി തുകയിൽ നിന്ന് യൂണിയന് ഈടാക്കാവുന്നതാണ്.

21. ഇതിൻപ്രകാരം കരാറുകാരന് നൽകാനുള്ളതോ, നൽകേണ്ടതോ ആയ നോട്ടീസുകൾ, ഓഫീസ് ഓർഡറുകൾ, കത്തുകൾ ഒന്നുകിൽ നേരിട്ടോ അല്ലാത്ത പക്ഷം കരാറുകാരന്റെ വീട്ടിലോ അതുമല്ലെങ്കിൽ അയാൾ അവസാനമായി ഉണ്ടായിരുന്നിടത്തോ, അയാളുടെ

TRCMPU PATHANAMTHITTA DAIRY NARIYAPURAM P.O.

വ്യവസായ - വാണിജ്യ കേന്ദ്രത്തിലോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി നേരിട്ടോ അല്ലെങ്കിൽ പോസ്റ്റ് മുഖാന്തിരമോ അയാളുടെ സാധാരണ മേൽവിലാസത്തിലോ അല്ലെങ്കിൽ അവസാനമായി ഉണ്ടായിരുന്ന സ്ഥലത്തോ, അദ്ദേഹത്തിന്റെ വാണിജ്യ -വ്യാപാര സ്ഥാപനത്തിലോ അയക്കേണ്ടതും, അയച്ചതു മുതൽ സാധാരണഗതിയിൽ അത് അയാൾക്ക് ലഭ്യമായേക്കാവുന്ന തീയതിയിൽ അയാൾക്ക് ലഭിച്ചതായി കണക്കാക്കാവുന്നതുമാണ്.

22. ഒരിക്കൽ അംഗീകരിച്ച നിരക്കുകൾ പിന്നീട് കൂട്ടി നൽകണമെന്ന തരത്തിലുള്ള നിവേദനങ്ങളും അപേക്ഷകളും പരിഗണിക്കുന്നതല്ല.

23. എന്തെങ്കിലും പ്രത്യേക നിബന്ധനകളോ, വ്യവസ്ഥകളോ കരാറുകാരൻ ദർഘാസിനൊപ്പം ചേർത്ത് വയ്ക്കുകയോ, സമർപ്പിക്കുകയോ ചെയ്താൽ, അത് തിരുവനന്തപുരം മേഖലാ യൂണിയൻ മാനേജിംഗ് ഡയറക്ടർ അംഗീകരിച്ചതായി എഴുതി നൽകാത്തിടത്തോളം കാലം അത് നിലനിൽക്കുന്നതല്ലെന്ന് മാത്രമല്ല ഈ കരാറിന് ബാധകവുമായിരിക്കില്ല.

24. വാഹനം എന്തെങ്കിലും കാരണവശാൽ കേടുവന്ന് വഴിയിലാകുന്ന സാഹചര്യത്തിൽ, പകരം സംവിധാനം ഏർപ്പെടുത്തി നെയ്യ് നിർദ്ദിഷ്ട സമയത്ത് വിതരണം ചെയ്യേതിന്റെ ഉത്തരവാദിത്വം കരാറുകാരനിൽ നിക്ഷിപ്തമാണ്.

25. ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന്റെ ഭാഗമായി യൂണിയന്റെ ഏതൊരു ജീവനക്കാരനെയും വിതരണ വാഹനത്തിൽ എപ്പോൾ ആവശ്യമാണോ അപ്പോൾ യാത്ര ചെയ്യാവുന്നതാണ്.

26. യൂണിയൻ അംഗീകരിക്കാത്ത ഏതൊരുവിധ സാധനങ്ങളും വാഹനത്തിൽ കൊണ്ട്പോകാൻ അനുവദിക്കുന്നതല്ല .

27. കരാറുകാരനോ, കരാറുകാരന്റെ പ്രതിനിധികളോ, ജീവനക്കാരോ വിതരണത്തിനിടയിൽ നിയമ വിരുദ്ധമായ എന്തെങ്കിലും കുറ്റങ്ങൾ ചെയ്തതായി കണ്ടെത്തിയാൽ, കരാറുകാരനിൽ നിന്ന് 10,000 രൂപ പിഴ ഈടാക്കാവുന്നതും ആ വീഴച്ചയുടെ അടിസ്ഥാനത്തിൽ വേറെ നോട്ടീസ് ഒന്നും നൽകാതെ തന്നെ കരാർ അവസാനിപ്പിക്കാവുന്നതുമാണ്. അത്തരം സാഹചര്യത്തിൽ കരാർകാലാവധി വരെ ബദൽ സംവിധാനം ഏർപ്പെടുത്താൻ വേണ്ടിവരുന്ന ചിലവ് കരാറുകാരനിൽ നിന്ന് ഈടാക്കാവുന്നതുമാണ്.

28. എന്തെങ്കിലും തരത്തിലുള്ള തർക്കങ്ങൾ യൂണിയനും കരാറുകാരനും തമ്മിൽ ഉണ്ടാവുന്ന പക്ഷം യൂണിയന്റെ തീരുമാനം അന്തിമവും, അത്കരാറുകാരന് ബാധകവുമായിരിക്കും.

29. പണമിടപാട് : ഉൽപന്നം (നെയ്യ്)ദേവസ്വം സ്റ്റോറിൽ എത്തിച്ച്, ഇൻവോയിസ് പ്രകാരമുള്ള എണ്ണം 15 ലിറ്റർ ടിന്നുകൾ കേടുപാടുകൾ കൂടാതെ കൈപ്പറ്റിയതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സീലോടു കൂടിയ രസീത് പ്രസ്തുത ട്രിപ്പിന്റെ ബില്ലിനോടൊപ്പം

TRCMPU LTD NARIYAPURAM P.O. PATHANAMTHITTA DAIRY

നൽകേണ്ടതാണ്. 5 പ്രവർത്തി ദിവസത്തിനകം ബിൽ തുക നൽകുന്നതാണ്. വാഹനത്തിൽ നെയ്യ് ലോഡ് ചെയ്യുമ്പോൾ തന്നെ ഇൻവോയ്സ് പ്രകാരമുള്ള എണ്ണം കേടുപാടുകൾ ഇല്ലെന്നു ഉറപ്പ് വരുത്തി ലോഡ് ചെയ്യേണ്ട ഉത്തരവാദിത്തം കരാറുകാരനിൽ നിക്ഷിപ്തമാണ്. വിതരണം ചെയ്യുന്ന മുറയ്ക്ക് ലഭിക്കുന്ന കൈപ്പറ്റ് രസീതിൽ എണ്ണം/ലീക്ക് /കേടുപാടുകൾ എന്നിവയെ സംബന്ധിച്ച് ആക്ഷേപമുള്ള പക്ഷം ടി തുക കരാറുകാരന് നൽകുന്ന ബില്ല് തുകയിൽ നിന്നും ഈടാക്കുന്നതാണ്.

30. ആദായ നികുതി : ആദായ നികുതി, ബില്ല്തുകയ്ക്ക് ആനുപാതികമായ നിരക്കിൽ ഉറവിടത്തിൽ തന്നെ പിടിച്ച ശേഷംമാത്രമേ ബിൽ തുകകൈമാറുകയുള്ളൂ. എന്നാൽ ബന്ധപ്പെട്ട ആദായ നികുതി ഉദ്യോഗസ്ഥനിൽ നിന്ന് ആദായ നികുതി, ബില്ലിന് ബാധകമല്ലാത്തതിനാൽ കിഴിവ് ചെയ്യേണ്ടതില്ലെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ പ്രസ്തുത തുക കിഴിവ് ചെയ്യുന്നതല്ല.

31. സമയക്രമം: ദേവസ്വം ഓഫീസിൽ നിന്നും മുൻകൂറായി അറിയിപ്പ് ലഭിക്കുന്ന അളവും, സപ്ലൈ ഷെഡ്യൂളും മുൻനിർത്തിയാണ് ഉൽപന്നം സ്റ്റോറിൽ എത്തിക്കേണ്ടത്. സമയക്രമത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ യൂണിറ്റ് തലത്തിൽ കരാറുകാരനെ അറിയിക്കുന്നതും യൂണിറ്റ് മേധാവിയോ, അദ്ദേഹത്തെ പ്രതിനിധീകരി ക്കുന്നവരോ സമയക്രമത്തെ കുറിച്ച് നൽകുന്ന നിർദ്ദേശങ്ങളും, നിബന്ധനകളും പാലിക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. സമയക്രമം പാലിക്കുക എന്നത് ഈ കരാറിന്റെ കാതലായതിനാൽ, അതിൽ വീഴ്ച വരുത്തുന്ന പക്ഷം യൂണിയന് ഉണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങളും കരാറുകാരനിൽ നിന്ന് പിഴ അടക്കം ഈടാക്കാവു ന്നതുമാകുന്നു.

32. ഉൽസവ നാളുകളിൽ/അധിക അളവ് വരുന്ന സന്ദർഭങ്ങളിൽ അധിക വാഹനങ്ങൾ സജ്ജീകരിച്ച് സമയ ബന്ധിതമായി നെയ്യ് എത്തിച്ച് നൽകേണ്ട ഉത്തരവാദിത്വം കരാറുകാരനിൽ നിക്ഷിപ്തമാണ്.

യൂണിറ്റ് ഹെഡ്
മാനേജിംഗ് ഡയറക്ടർക്ക് വേണ്ടി

TRCMPU LTD NARIYAPURAM P.O. PATHANAMTHITTA DAIRY

**Schedule**

**Details of work and rate quoted for the work**

| Name of Work: | Rate |
|---|---|
| Operation of all activities including transportation ,loading /unloading ,for supply of ghee to Sabarimala Sannidhanam Travancore devasom Board Store from Pathanamthitta Dairy | **Rs** _____________<br>**(in words Rs_____ ps________(only) /15ltr tin for the notified quantity (nos)** |
| EMD Details | Amount paid :Rs<br>Receipt No & Date:<br>(If DD enclosed DD No) |

**NAME OF TENDERER:**

**Signature :**

TRCMPU LTD NARIYAPURAM P.O. PATHANAMTHITTA DAIRY

## കരാർ മാതൃക

**(ദർഘാസിനൊപ്പം 200/- രൂപ മുദ്രപത്രത്തിൽ സമർപ്പിക്കേണ്ടത്)**

ഇന്നേദിവസം അതായത് ........................................................................ തീയതി ............................................ മാസം ..............................വർഷം തിരുവനന്തപുരം മേഖലാ ക്ഷീരോല്പാദക സഹകരണ യൂണിയൻ, തിരുവനന്തപുരം (ഇനി മുതൽ യൂണിയൻ എന്നാവും പരാമർശിക്കുക) ഒരു ഭാഗത്തും...................... .............................................................................................................................. ...................................(ദർഘാസ്കാരന്റെ പേരും, മേൽവിലാസവും) (ഇനി മുതൽ ബാധ്യതപ്പെട്ട ആളെന്നാവും പരാമർശിക്കുക) മറുഭാഗത്തുമായി എഴുതി പിടിപ്പിച്ച കരാർ ഉടമ്പടി. .......................................... തീയതിയിലെ വിജ്ഞാപനത്തിന്റ അല്ലെങ്കിൽ പരസ്യം No......................................ന്റെ അടിസ്ഥാനത്തിൽ ടി ബാധ്യതപ്പെട്ട ആൾ യൂണിയന്റെ ..............................................................................................................

.................................... ശബരിമല ദേവസ്വം സ്റ്റോറിലേക്കു പത്തനംതിട്ട മിൽമ ഡെയറിയിൽ നിന്നും നെയ്യ് എത്തിക്കുന്നതിനായി ദർഘാസ് പത്രത്തിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കും, നിബന്ധനകൾക്കും വിധേയമായി ദർഘാസ് സമർപ്പിക്കുക ഉണ്ടായി. എന്നാൽ അതിനൊപ്പം ഏതെങ്കിലും കാരണവശാൽ ദർഘാസ്, യൂണിയൻ അംഗീകരിക്കുകയും ആ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ ഏല്പ്പിച്ച പ്രവൃത്തി കൃത്യമായി പൂർത്തീകരിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ ഉടമ്പടിയിൽ ഏർപ്പെടുന്നതിന്റെ ഭാഗമായി നിരതദ്രവ്യമായി ................................... രൂപ (രൂപ ............ .......................................................................) യൂണിയനിൽ കെട്ടിവച്ചിട്ടുള്ളതുമാകുന്നു. എന്നാൽ ഇത് താഴെപറയുന്ന സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ഉഭയകക്ഷി സമ്മതപ്രകാരം ചുവടെ പറയും വിധം ഇതിനോടാപ്പം എഴുതി ചേർക്കുന്നു.

1. ബാധ്യതപ്പെട്ട ആൾ സമർപ്പിച്ച ദർഘാസ് യൂണിയൻ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ................................................................................ കരാർ ബാധ്യതപ്പെട്ട ആൾക്ക് നൽകുന്ന പക്ഷം, ബാധ്യതപ്പെട്ട ആൾ ..............................ദിവസത്തിനകം കരാർ ഏറ്റെടുത്ത് കൊണ്ട് ടി കരാർ സംബന്ധിച്ച് യൂണിയൻ മുന്നോട്ടു വച്ചിട്ടുള്ള എല്ലാ നിബന്ധനകളും വ്യവസ്ഥകളും പാലിച്ച് നടപ്പിലാക്കാമെന്ന ഉറപ്പിൽ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്.
2. ഏതെങ്കിലും കാരണവശാൽ ബാധ്യതപ്പെട്ട ആൾ കരാറിനെ നിയന്ത്രിക്കുന്ന നിബന്ധനകളുടെയും, വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ ഉടമ്പടിയിൽ ഏർപ്പെടുന്നതിൽ പരാജിതനായാൽ അല്ലെങ്കിൽ പിൻമാറിയാൽ യൂണിയന് ഉചിതമെന്ന് തോന്നുന്ന തീരുമാനം എടുക്കാനും, അത്തരത്തിലുള്ള കരാർ ലംഘനം കാരണം യൂണിയന് ഉണ്ടായേക്കാവുന്ന സകലവിധ കഷ്ട നഷ്ടങ്ങൾക്കും

TRCMPU LTD. NARIYAPURAM P.O. PATHANAMTHITTA DAIRY

ബാധ്യതപ്പെട്ട ആളിന്റെ നിരതദ്രവ്യം കണ്ട് കെട്ടുന്നതടക്കം, ബാധ്യതപ്പെട്ട ആളിന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്ന് വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ ഈടാക്കാനുള്ള എല്ലാവിധ അധികാരവും അവകാശവും യൂണിയന് ഉണ്ടായിരിക്കുന്നതാണ്. ഈ ഉടമ്പടി പ്രകാരം യൂണിയന് ഉണ്ടാകുന്ന എല്ലാവിധ കഷ്ട നഷ്ടങ്ങൾക്കും ബാധ്യതപ്പെട്ട ആൾ ഉത്തരവാദിയാകുമെന്നതിനാൽ ബാധ്യതപ്പെട്ട ആളിൽ നിന്ന് എല്ലാവിധ കഷ്ട നഷ്ടങ്ങളും ഈടാക്കുവാനുള്ള അധികാരവും അവകാശവും യൂണിയന് ഉണ്ടായിരിക്കുന്നതാണ്.

സാക്ഷികളുടെ സാന്നിധ്യത്തിൽ ശ്രീ. ..............................................................

(പേരും, ഉദ്യോഗപേരും) യൂണിയന്റെ പേരിൽ, യൂണിയന് വേണ്ടിയും ശ്രീ.................................................................................എന്ന ബാധ്യതപ്പെട്ട ആളും പരസ്പരം ചേർന്ന് സമ്മതിച്ച് അവരവരുടെ ഒപ്പിന് നേരെ സൂചിപ്പിച്ചിട്ടുള്ള തീയതിയിലും വർഷത്തിലും എഴുതിപ്പിടിപ്പിച്ച കരാർ ഉടമ്പടി.

ഒപ്പ് ..........................................................................(തീയതി)......................................

സാക്ഷികൾ :-

1. 2.

ഒപ്പ് ..........................................................................(തീയതി)......................................

സാക്ഷികൾ :-

1. .

TRCMPU LTD
NARIYAPURAM P.O.
PATHANAMTHITTA DAIRY